**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6016** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രത്യേക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി കാനത്തിൽ ജമീല | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് സമഗ്രമായ പ്രാരംഭ പിന്തുണയും വായ്പാ സഹായവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ (75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും, സംരംഭകത്വ ആവാസ വ്യവസ്ഥ സ്ഥാപിയ്ക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയുമായ കേരള സ്റ്റാർട്ടപ്പ് മിഷ നാണ്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തല യിലുള്ള അംബേദ്കർ ഭവനിൽ 5000 sq. ft സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻക്യുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗ ത്തിലുള്ളവരിൽ നിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്ന തിനും അവ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യ മാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശ രഹിത സീഡ് ഫണ്ട് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നൂതന ആശയമോ |

| | | | |
|---|---|---|---|
| | | | ഉല്പന്നമോ ഉള്ളവരെയാണ് മേൽപറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതി കളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസി ലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. നിലവിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് ഇൻകുബേറ്ററിൽ നാലാമത്തെ ബാച്ച് ആയി 11 സ്റ്റാർട്ടപ്പുകളാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 10 സ്റ്റാർട്ടപ്പുകളും പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരാണ്. പ്രീ ഇൻക്യുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവു വരെയും ഇൻക്യുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകി വരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്ത ലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. 2016 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സംരംഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. |
| (ബി) | കലാ സാംസ്കാരിക സാഹിത്യ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പട്ടികജാതി, പട്ടികവർഗ്ഗക്കാരായ യുവതീ യുവാക്കൾക്ക് അവർ കഴിവു തെളിയിച്ച മേഖലകളിൽ പ്രവർത്തിച്ച് മുന്നേറുന്നതിന് സഹായകരമാവുന്ന പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 1. സർഗ്ഗോത്സവം സംസ്ഥാന സ്കൂൾ കലോത്സവം, സ്പെഷ്യൽ സ്കൂൾ കലോൽസവം എന്നിവയിൽ എ ഗ്രേഡ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് 10,000 രൂപ ക്യാഷ് അവാർഡ് വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. 2. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന് 40000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. 3. ഡോ. ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും, ഫീച്ചറുകൾക്കും അവാർഡ് നൽകുന്നുണ്ട്. അച്ചടി, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30000 രൂപയും ഫലകവും, ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30000 രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15000 രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്. 4. പടവുകൾ മാസിക പട്ടികജാതി പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കുന്നതിനും, പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ദ്വൈമാസിക വകുപ്പ് പ്രസിദ്ധീകരിക്കുന്നു. 5. സാഹിത്യ ശിൽപശാല പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലും ഇതര വിഭാഗത്തിലുംപെട്ട സാഹിത്യകാരന്മാരുടെ സാഹിത്യ വാസന പരിപോഷിപ്പിക്കുന്നതിനായി വർഷംതോറും 3 ദിവസം നീണ്ടു നിൽക്കുന്ന സാഹിത്യ ശിൽപശാല സംഘടിപ്പിക്കുന്നു. ഭാഷയുടെ വികാസ പരിണാമങ്ങൾ, സാഹിത്യത്തിലെ അനുഭവം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അതുവഴി സാംസ്കാരിക ശാക്തീകരണം നടപ്പാക്കലുമാണ് ശിൽപശാലയുടെ പ്രധാന ഉദ്ദേശ്യം. 18 മുതൽ 35 വയസ്സുവരെ പ്രായമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കാണ് പ്രവേശനം. ആകെ 50 പേർക്ക് ശിൽപശാലയിൽ പങ്കെടുക്കാം. താമസ സൗകര്യം, ഭക്ഷണം, യാത്രാബത്ത എന്നിവ വകുപ്പ് നൽകുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സാഹിത്യരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പ്രദർശനത്തിനും അവതരണത്തിനുമായി ഗദ്ദിക പോലുള്ള സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഇവരുടെ കല, സംസ്കാരം, കരകൗശലം എന്നിവയ്ക്കുള്ള അവതരണ വിപണന വേദിയായി ഗദ്ദിക മാറിയിട്ടുണ്ട്. |
| (സി) | തോൽവി കാരണം പഠനം മുടങ്ങിയ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ പ്രത്യേക സഹായ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജു കളിൽ ബി.ടെക് കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ കണ്ടുവരുന്ന കൊഴിഞ്ഞുപോക്ക് തടയുന്നതിനും, പരാജയപ്പെട്ട വിഷയം വീണ്ടും എഴുതി വിജയിക്കുന്നതിനും ആവശ്യമായ റെമഡിയൽ ട്യൂഷൻ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി, IHRD യുടെ നിയ ന്ത്രണത്തിൻ കീഴിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ എന്ന സ്ഥാപനം വഴി നടപ്പിലാക്കി വരുന്നു. കൂടാതെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള 12 ഗവണമെന്റ് /എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ച പ്പെടുത്തുന്നതിന് ട്യൂഷൻ നൽകുന്ന പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട |

| | | | |
|---|---|---|---|
| | | | ബി-ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000 രൂപയുടെ സമുന്നതി പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ